**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയം ഭരണ വകുപ്പ് - ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയിൽനിന്ന് വ്യതിചലിച്ച് **2012-2013** വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി **1m³** ശേഷിയും **12000/-** രൂപ യൂണിറ്റ് നിരക്കുമുള്ള **153** ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഉറവിടമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയ തഴക്കര ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================

തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്

സ.ഉ.(സാധാ) നം. 3360/2016/തസ്വഭവ തിരുവനന്തപുരം, തീയതി 09.12.2016

---

പരാമർശം - 1.തഴക്കര ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ 24.10.2016 ലെ കത്ത്

2.ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ07.11.2016 ലെ 1533/C6/2013/SM നമ്പർ കത്ത്

3. 14 .11 . 2016 ലെ സംസ്ഥാനതല കോ -ഓർഡിനേഷൻ കമ്മിറ്റിയുടെ 3 .8 നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

2012 - 2013 വർഷത്തിൽ മാലിന്യ സംസ്കരണ പദ്ധതിയുടെ ഭാഗമായി തഴക്കര ഗ്രാമ പഞ്ചായത്തിൽ 0.5 m³ ശേഷിയും 8000/- രൂപ യൂണിറ്റ് നിരക്കുമുള്ള 100 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുവാൻ ആകെ 8 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് ശുചിത്വ മിഷന്റെ സാങ്കേതിക അനുമതി ലഭിച്ചിരുന്നുവെന്നും എന്നാൽ മേൽ പറഞ്ഞതിൽ നിന്ന് വ്യതിചലിച്ച് 1 m³ ശേഷിയും 12000/- രൂപ യൂണിറ്റ് നിരക്കും വരുന്ന 153 ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ആകെ 18,36000/- രൂപ അടങ്കൽ വരുന്ന പദ്ധതി പഞ്ചായത്ത് നടപ്പിലാക്കിയെന്നും ഈ ഇനത്തിൽ RAIDCO എന്ന സ്ഥാപനത്തിന് 9,18,000/-രൂപ കുടിശ്ശിക നല്കാനുണ്ടെന്നും സാങ്കേതിക അനുമതിയിൽനിന്ന് വ്യതിചലിച്ച് പദ്ധതി നടപ്പിലാക്കും മുൻപ് ശുചിത്വ മിഷന്റെ അനുമതി തേടാതിരുന്നതിനാൽ ശുചിത്വ മിഷനിൽ നിന്ന് ലഭിക്കേണ്ട കുടിശ്ശിക തുക ലഭിക്കുന്നില്ല എന്നും RAIDCO യ്ക്ക് ബാക്കിയുള്ള തുക ലഭിക്കുന്നതിനായി അവർ കേസ് ഫയൽ ചെയ്തിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് ഉത്തരവ് നൽകി ശുചിത്വ മിഷനിൽ നിന്നും ബാക്കി തുക ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം 1 പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് അപേക്ഷിച്ചിരുന്നു.

ജനോപകാരപ്രദമായി നടപ്പിലാക്കിയ പദ്ധതി ആയതിനാലും റെയ്ഡ് കോ കണ്ണൂർ ഇതുമായി ബന്ധപ്പെട്ട കുടിശിക തുക ലഭ്യമാക്കുവാൻ പദ്ധതി നിർവഹണ ഉദ്യോഗസ്ഥർക്കെതിരെ കേസ് ഫയൽ ചെയ്തിരിക്കുന്ന സാഹചര്യത്തിലും തഴക്കര പഞ്ചായത്തിന്റെ നടപടി സാധൂകരിക്കാവുന്നതാണ് എന്ന് പരാമർശം 2 പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ 14 .11 . 2016 ൽ ചേർന്ന സംസ്ഥാനതല കോ -ഓർഡിനേഷൻ കമ്മിറ്റി ഇക്കാര്യം പരിശോധിക്കുകയും ഗ്രാമ പഞ്ചായത്തിന്റെ അപേക്ഷ അംഗീകരിക്കാൻ തീരുമാനിക്കുകയും ചെയ്തു. ശുചിത്വ മിഷന്റെ സാങ്കേതിക അനുമതിയിൽനിന്ന് വ്യതിചലിച്ച് **2012-2013** വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി **1m$^3$** ശേഷിയും **12000/-** രൂപ യൂണിറ്റ് നിരക്കുള്ള **153** ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ആകെ 18,36,000/- രൂപ അടങ്കൽ വരുന്ന ഉറവിടമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കിയ തഴക്കര ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് അർഹമായ സബ്സിഡി തുക ശുചിത്വ മിഷനിൽ നിന്ന് അനുവദിക്കുന്നതിലേക്കായി സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ഡി.സന്തോഷ്**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തഴക്കര ഗ്രാമ പഞ്ചായത്ത്, ആലപ്പുഴ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ